ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.06.2024**

## പ്രധാനവാർത്തകൾ

1. രാജ്യസഭാ സമ്മേളനത്തിന് നാളെ തുടക്കം. പാർലമെൻറിന്റെ ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിസംബോധന ചെയ്യും.

2. റോഡ് സുരക്ഷയിൽ സംസ്ഥാനത്തെ രാജ്യത്തിന് തന്നെ മാതൃകയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കെഎസ്ആർടിസി ഡ്രൈവിംഗ് സ്കൂളുകളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു.

3. കോടതി ഫീസുകളിൽ വരുത്തിയ വർദ്ധനവ് സംബന്ധിച്ച എല്ലാ പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുമെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ.

4. സംസ്ഥാനത്ത് മഴ ശക്തം. എട്ട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മലയോരമേഖലകളിൽ രാത്രി യാത്രക്കും വിനോദസഞ്ചാരത്തിനും വിലക്ക്.

5. ട്വന്റി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ നാളെ. ഇന്ത്യ - ഇംഗ്ലണ്ടിനെയും, അഫ്ഗാനിസ്ഥാൻ - ദക്ഷിണാഫ്രിക്കയെയും നേരിടും.

*************************************

## ലോക്സഭ

പുതുതായി രൂപീകരിച്ച മന്ത്രി സഭയിലെ അംഗങ്ങളെ ലോക്സഭയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പരിചയപ്പെടുത്തി. 1975 ജൂൺ 25ന് രാജ്യത്ത് അടിയന്തരാവസ്ഥ ഏർപ്പെടുത്തിയ സംഭവം അനുസ്മരിച്ച സ്പീക്കർ, സംഭവത്തെ സഭ ശക്തമായി അപലപിക്കുന്നതായി പറഞ്ഞു. ഇന്ത്യൻ ചരിത്രത്തിലെ കറുത്ത അധ്യായമായി അടിയന്തരാവസ്ഥാ കാലം ഓർമ്മിക്കപ്പെടുമെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു. സ്പീക്കറുടെ പരാമർശങ്ങൾക്കിടെ, കേന്ദ്രസർക്കാർ ഭരണഘടനയെ തകർക്കുകയാണെന്ന് ആരോപിച്ച് കോൺഗ്രസ് പ്രതിഷേധിച്ചു. തുടർന്ന് അടിയന്തരാവസ്ഥയ്ക്കെതിരായ പ്രമേയം അംഗീകരിച്ചശേഷം ഇന്നത്തേക്ക് പിരിഞ്ഞു.

RNU TVPM

**************************************

## രാജ്യസഭാ

രാജ്യസഭാ സമ്മേളനത്തിന് നാളെ തുടക്കമാകും. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻറിന്റെ ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ നാളെ അഭിസംബോധന ചെയ്യും. അടുത്ത മാസം മൂന്നുവരെയാണ് പാർലമെൻറ് സമ്മേളനം.

**************************************

## കെഎസ്ആർടിസി ഡ്രൈവിങ് സ്കൂൾ

റോഡ് സുരക്ഷയിൽ സംസ്ഥാനത്തെ രാജ്യത്തിനു തന്നെ മാതൃകയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിന്റെ ഭാഗമായാണ് ഡ്രൈവിംഗ് ടെസ്റ്റ് സമ്പ്രദായത്തിൽ പരിഷ്കാരങ്ങൾ

ഏർപ്പെടുത്തിയത്. മിതമായ നിരക്കിൽ മികച്ച ഡ്രൈവിങ് പരിശീലനം എന്ന സന്ദേശവുമായി കെഎസ്ആർടിസി ആരംഭിക്കുന്ന ഡ്രൈവിംഗ് സ്കൂളുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഹെവി വാഹനങ്ങൾക്കുള്ള ഡ്രൈവിംഗ് പരിശീലനത്തിന് 9,000 രൂപയും ഇരുചക്ര വാഹന പരിശീലനത്തിന് 3,500 രൂപയുമാണ് ഫീസ്. പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിലും ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് പൂർണ്ണമായും സൗജന്യനിരക്കിലും പരിശീലനം നൽകും. പട്ടികജാതി-പട്ടികവർഗ വകുപ്പുകളുടെ ഡയറക്ടർമാർക്ക് ഇതു സംബന്ധിച്ച് നിർദ്ദേശം നൽകിയതായി മുഖ്യമന്ത്രി പറഞ്ഞു.

*************************************

RNU TVPM

## നിയമസഭ

പച്ചക്കറികളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റം സംബന്ധിച്ച അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് കേരള നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്ത് നിന്ന് റോജി എം ജോൺ ആണ് അടിയന്തര പ്രമേയ അവതരണത്തിന് നോട്ടീസ് നൽകിയത്. പച്ചക്കറികളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റം മൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്ന് റോജി എം ജോൺ ആരോപിച്ചു. വിലക്കയറ്റം നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാൻ സർക്കാർ തയ്യാറായിട്ടില്ലെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. എന്നാൽ സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കാൻ ചീഫ് സെക്രട്ടറി

അധ്യക്ഷനായ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്ന് മന്ത്രി ജി ആർ അനിൽ മറുപടി നൽകി.

***********************************

## വി ശിവൻകുട്ടി - നിയമസഭ

മലപ്പുറത്ത് പ്ലസ് വണ്ണിന് പുതിയ താത്കാലിക ബാച്ച് അനുവദിക്കാൻ തത്വത്തിൽ അംഗീകാരം നൽകിയതായി മന്ത്രി വി ശിവൻകുട്ടി. വിദ്യാർത്ഥി സംഘടനകളുമായി ഇന്നലെ നടത്തിയ യോഗത്തിലാണ് ഇക്കാര്യം തീരുമാനിച്ചതെന്ന് മന്ത്രി അറിയിച്ചു. പ്രവേശനം വൈകുന്നതിന്റെ പേരിൽ ക്ലാസ്സ് നഷ്ടപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബ്രിഡ്ജ് കോഴ്സ് നൽകി പഠന വിടവ് നികത്തുമെന്നും മന്ത്രി വി ശിവൻകുട്ടി നിയമസഭയിൽ പറഞ്ഞു.

RNU TVPM

***********************************

## ധനമന്ത്രി - ഇൻട്രോ

സംസ്ഥാനത്ത് കോടതി ഫീസുകളിൽ വരുത്തിയ വർദ്ധനവ് സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുമെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ നിയമസഭയിൽ അറിയിച്ചു. സാധാരണക്കാരന് കോടതി വ്യവഹാരങ്ങളിൽ തടസമുണ്ടാകുന്ന വിധത്തിലുള്ള നിലപാടുകൾ ഉണ്ടാകില്ലെന്നും മന്ത്രി പറഞ്ഞു. കെ. കെ. രമ എം.എൽ.എ യുടെ സബ്മിഷന് മറുപടി നൽകുകയായിരുന്നു മന്ത്രി.

(മന്ത്രി വോയിസ്)

***********************************

## ആർ ബിന്ദു

കുറ്റമറ്റരീതിയിലാണ് സംസ്ഥാനത്ത് പ്രവേശന പരീക്ഷകൾ നടത്തുന്നതെന്ന് മന്ത്രി ആർ ബിന്ദു. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് വ്യാപകമായ ബുദ്ധിമുട്ടാണ് ഉണ്ടായത്. പ്രവേശന പരീക്ഷകൾ തുടർച്ചയായി റദ്ദാക്കേണ്ട അസാധാരണ അവസ്ഥയാണ് എൻ.ടി.എക്കും കേന്ദ്ര സർക്കാരിനും ഉണ്ടായതെന്ന് മന്ത്രി പറഞ്ഞു. നീറ്റ് പരീക്ഷാ ക്രമക്കേട് സംബന്ധിച്ച് എം. വിജിൻ എം.എൽ.എ അവതരിപ്പിച്ച ഉപക്ഷേപത്തിന് മറുപടിയായാണ് മന്ത്രി ഇക്കാര്യം പറഞ്ഞത്.

***********************************

## മഴ

RNU TVPM

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, കോഴിക്കോട്, വയനാട് കാസർകോട്, കണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരള തമിഴ്നാട് തീരങ്ങളിൽ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശ വാസികളും ജാഗ്രത പുലർത്തണമെന്നും നിർദേശമുണ്ട്.

***********************************

## പത്തനംതിട്ട മഴ

പത്തനംതിട്ട ജില്ലയുടെ കിഴക്കൻ മേഖലകളിൽ കനത്ത മഴ തുടരുന്നു. വിവിധ ഇടങ്ങളിൽ വെള്ളം കയറി. ജില്ലയിൽ ഈ മാസം 30 വരെ ജില്ലയിലെ മലയോര മേഖലകളിലേക്കുമുള്ള

രാത്രി യാത്രകൾ, തൊഴിലുറപ്പ് ജോലികൾ, വിനോദ സഞ്ചാരം എന്നിവയും ക്വാറികളുടെ പ്രവർത്തനവും നിരോധിച്ചു.

***********************************

## കോട്ടയം - മഴ

കോട്ടയം ജില്ലയിൽ മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ ഖനന പ്രവർത്തങ്ങൾക്ക് ഈ മാസം 30 വരെ ജില്ലാ കളക്ടർ നിരോധനം ഏർപ്പെടുത്തി. ഈരാറ്റുപേട്ട-വാഗമൺ റോഡിലെ രാത്രികാല യാത്രയും ഈ മാസം 30 വരെ നിരോധിച്ചു. ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽകല്ല്, മാർമല അരുവി എന്നിവിടങ്ങളിലേയ്ക്കുള്ള പ്രവേശനവും വിലക്കിയിട്ടുണ്ട്. മൃഗസംരക്ഷണമേഖലയിലെ കർഷകർക്ക് അടിയന്തിര സാഹചര്യങ്ങളിൽ ബന്ധപ്പെടുന്നതിന് കോടിമത ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ കൺട്രോൾ റൂമും ആരംഭിച്ചു.

RNU TVPM

***********************************

## ഇടുക്കി - മഴ

ഇടുക്കിയിൽ മിക്കയിടത്തും ഇന്ന് പകൽ ശക്ത മഴയാണ് രേഖപ്പെടുത്തിയത്. ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ മലങ്കര ഡാമിലെ മൂന്ന് ഷട്ടറുകൾ ഒരു മീറ്റർ വീതവും കല്ലാർകുട്ടി ഡാമിൻ്റെ രണ്ട് ഷട്ടറുകൾ 30 ഉം 60 ഉം സെൻറീ മീറ്റർ വീതവും തുറന്നു. ഇടുക്കി ജില്ലയിലെ ഓഫ് റോഡ് ട്രക്കിങ്, വിനോദ സഞ്ചാര മേഖലകളിലെ മലനിരകളിലൂടെയുള്ള സാഹസിക സഞ്ചാരവും പൂർണ്ണമായും നിരോധിച്ചു. കഴിഞ്ഞ ദിവസം മണ്ണിടിച്ചിൽ

ഉണ്ടായ പ്രദേശങ്ങളടക്കം മൂന്നാറിലെ വിവിധയിടങ്ങളിൽ ദേശീയ ദുരന്ത നിവാരണസേന സന്ദർശനം നടത്തി.

*************************************

## മഴ - ജില്ലകൾ

തൃശ്ശൂർ പെരിങ്ങൽകുത്ത് ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിൽ മഴ തുടരുന്നതിനാൽ മൂന്നാംഘട്ട മുന്നറിയിപ്പായ റെഡ് അലർട്ട് പ്രഖ്യാപിച്ചു. മഴയുടെ തോതും ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവും കൂടുന്നതിനാൽ ജലാശയ നിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ്. ചാലക്കുടി പുഴയുടെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ദുരന്ത പ്രതിരോധ വിഭാഗം അറിയിച്ചു. തിരുവനന്തപുരത്തെ അരുവിക്കര ഡാമിന്റെ ഷട്ടറുകളും നിലവിൽ 100cm ഉയർത്തിയിട്ടുണ്ട്. സമീപവാസികൾ ജാഗ്രത പാലിക്കണമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

RNUTVPM

*************************************

## മംഗലം ഡാം - പാലക്കാട്

പാലക്കാട് ജില്ലയിൽ മഴ ശക്തമായി തുടർന്നാൽ മംഗലം ഡാമിന്റെ സ്പിൽവെ ഷട്ടറുകൾ തുറക്കുമെന്ന് അധികൃതർ അറിയിച്ചു. ചെറുകുന്നം പുഴയുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.

*************************************

## ട്വൻറി -20

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ നാളെ ആരംഭിക്കും. നാളെ പുലർച്ചെ ആറിന് തരാബയിൽ ആദ്യ സെമിയിൽ അഫ്ഗാനിസ്ഥാൻ -

ദക്ഷിണാഫ്രിക്കയുമായും രണ്ടാം സെമിയിൽ രാത്രി എട്ടിന് ഇന്ത്യ - ഇംഗ്ലണ്ടിനെയും നേരിടും.

************************************

## യൂറോ കപ്പ്

യൂറോ കപ്പ് ഫുഡ് ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. രാത്രി 9.30ന് നടക്കുന്ന മത്സരത്തിൽ സ്ലോവാക്യ റൊമേനിയയുമായും യുക്രെയ്ൻ ബെൽജിയവുമായും ഏറ്റുമുട്ടും.

************************************

## രാജീവ് രഞ്ജൻ സിംഗ്

ലോകത്തിലെ ഏറ്റവും വലിയ പാലുൽപാദന രാജ്യമായി ഇന്ത്യ വളർന്നതിൽ ദശലക്ഷക്കണക്കിനു ക്ഷീരകർഷകരുടെ അധ്വാനമുണ്ടെന്ന് കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്. ഇന്റർനാഷണൽ ഡയറി ഫെഡറേഷൻ കൊച്ചിയിൽ സംഘടിപ്പിച്ച ത്രിദിന സമ്മേളനത്തിൽ ഓൺലൈനായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

RNU TVPM

******************************************************

************************************

**********************